TUESDAY 14.05.2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/05/2024

1. സംസ്ഥാന കർഷക കടാശ്വാസ കമ്മിഷൻ മേയ് 14ന് കോഴിക്കോട് സർക്കാർ അതിഥി മന്ദിരത്തിൽ സിറ്റിങ് നടത്തും. കമ്മിഷൻ ചെയർമാനും കമ്മിഷൻ അംഗങ്ങളും പങ്കെടുക്കും. രാവിലെ ഒമ്പതിന് സിറ്റിങ് ആരംഭിക്കും. നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകണമെന്നു സെക്രട്ടറി അറിയിച്ചു.

2. തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി വെറ്ററിനറി ഹോസ്പിറ്റലിലെ മെഡിസിൻ യൂണിറ്റിന്റെ നേതൃത്വത്തിൽ മെയ് മാസം 13 മുതൽ 18 വരെ ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ 5 വരെ സൗജന്യ ഹൃദ്രോഗനിർണ്ണയ ക്യാമ്പ് നടത്തുന്നു. അമിതമായ കിതപ്പ്, വിട്ടുമാറാത്ത ചുമ എന്നീ രോഗലക്ഷണങ്ങൾ ഉള്ള നായ്ക്കളെയും, 4 വയസ്സിന് മുകളിൽ പ്രായമുള്ള നായ്ക്കളെയും ഈ ക്യാമ്പിൽ ഹൃദ്രോഗ നിർണ്ണയത്തിനായി കൊണ്ടുവരാവുന്നതാണ്. 4 വയസ്സിന് മുകളിൽ പ്രായമുള്ള നായ്ക്കളിൽ ഹൃദ്രോഗസാധ്യത കൂടുതലായി കണ്ടുവരുന്നുണ്ട്. രോഗലക്ഷണങ്ങൾ തുടങ്ങുന്നതിന് മുൻപ് തന്നെ രോഗനിർണ്ണയം നടത്തി അവയുടെ ഹൃദയാരോഗ്യം കാത്തുസൂക്ഷിക്കാവുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നതിനായി 7306897421, 7012807580 എന്നീ നമ്പറുകളിൽ വിളിച്ചു രജിസ്റ്റർ ചെയ്യുക.

3. നബാർഡും കിസാൻ സർവീസ് സൊസൈറ്റി തിരുവനന്തപുരം സിറ്റി യൂണിറ്റും സംയുക്തമായി മൈക്രോ എന്റർപ്രൈസസ് ഡെവലപ്മെന്റ് പ്രോഗ്രാം പ്രകാരം പ്ലാന്റ് നഴ്സറി മാനേജ്മെന്റ് എന്ന വിഷയത്തിൽ സെമിനാർ മെയ് 13 മുതൽ 28 വരെ തിരുവനന്തപുരം, സെൻട്രൽ സോയിൽ ആൻഡ് പ്ലാന്റ് ഹെൽത്ത് സെന്റർ നാലാഞ്ചിറ സെമിനാർ ഹാളിൽ സംഘടിപ്പിക്കുന്നു.

4. നൻമ, മേൻമ, ശ്രേയ- മരച്ചീനി ഇല അധിഷ്ഠിത ജൈവ ഉൽപന്നങ്ങൾ സി. റ്റി. സി. ആർ. ഐ. യിൽനിന്നും ലഭിക്കും. നൻമ, മേൻമ, ശ്രേയഎന്നീ പരിസ്ഥിതി സൗഹൃദ മരച്ചീനി അധിഷ്ഠിത ജൈവഉൽപന്നങ്ങൾ വാഴയിലെ തടതുരപ്പൻ പോലുള്ള തുരപ്പൻ കീടങ്ങൾ; മീലിമൂട്ട, വെള്ളീച്ചകൾ, ഇലപ്പേനുകൾ, ചെള്ളുകൾ പോലുള്ള വിവിധയിനം നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ; പ്രാരംഭ ഘട്ടത്തിലുള്ള പുഴുക്കൾ എന്നിവയുടെയെല്ലാം നിയന്ത്രണത്തിന് വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ജൈവഉൽപന്നങ്ങൾ വാങ്ങാൻ താല്പര്യമുള്ളവർ ശ്രീകാര്യത്തുള്ള കേന്ദ്രകിഴങ്ങുവിളഗവേഷണസ്ഥാപനത്തിലെ (സി. റ്റി. സി. ആർ. ഐ.) ഫാർമർ ഫെസിലിറ്റേഷൻ സെന്ററുമായി ബന്ധപ്പെടണം.

5. മലമ്പുഴ മേഖലാ കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും എടുക്കുന്ന 45 ദിവസം പ്രായമായ ഗ്രാമശ്രീ മുട്ടകോഴി കുഞ്ഞുങ്ങളെ കുഞ്ഞൊന്നിന് 130/- രൂപ നിരക്കിൽ ലൈസെൻസ്ഡ് എഗ്ഗർ നഴ്സറികളിൽ നിന്നും ലഭ്യമാണ് . ഈ കേന്ദ്രത്തിൽ നിന്നും കോഴിമുട്ട 6 രൂപ നിരക്കിൽ നൽകുന്നതാണ്. താല്പര്യമുള്ളവർക്ക് 8590663940, 9526126636 എന്നീ നമ്പരുകളിൽ വിളിച്ച് മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.

6. കേരള കാർഷിക സർവ്വകലാശാല 2024 –25 അധ്യയന വർഷത്തെ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച പുതിയ കോഴ്സുകൾക്കുൾപ്പെടെയാണ് അപേക്ഷ ക്ഷണിച്ചിച്ചിരുക്കുന്നത്. വിവിധ കോഴ്സുകളുടെ പ്രോസ്പക്റ്റസ്, ഫീസ് ഘടന, സീറ്റുകളുടെ എണ്ണം തുടങ്ങിയ വിശദാംശങ്ങൾ അറിയാനായി www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി : കൃഷി ശാസ്ത്രം, ഓർഗാനിക് അഗ്രികൾച്ചർ എന്നീ ഡിപ്ലോമ കോഴ്സുകൾക്ക് ജൂൺ 14 (14.06.2024) വരെയും, മറ്റു കോഴ്സുകൾക്ക് ജൂൺ 11

(11.06.2024) വരെയും അപേക്ഷിക്കാം. കൂടുതൽ അനേഷണങ്ങൾക്കായി, 0487-2438139, 0487-2438143 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രിണർഷിപ്പ് ആന്റ് മാനേജ്മെന്റും (NIFTEM –T) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയവും സംയുക്തമായി Food safety for small scale food Industries എന്ന വിഷയത്തിൽ മെയ് 21 ന് രാവിലെ 10 മണി മുതൽ 1.00 മണി വരെ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 590 രൂപ. അപേക്ഷിക്കേണ്ട അവസാന തീയതി 17.05.2024. കൂടുതൽ വിവരങ്ങൾക്ക് 9894244344, 9080153435 എന്നീ ഫോൺ നമ്പരുകളിലോ niftem-t.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

8. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് മെയ് 20 മുതൽ 22 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശം**

പച്ചക്കറി തൈകൾ നടുന്നതിനുള്ള കൃഷിസ്ഥലങ്ങൾ ഒരുക്കുമ്പോൾ ഒരു സെൻ്റിന് 2 കിലോ എന്ന തോതിൽ കുമ്മായം മണ്ണിൽ ചേർത്ത് കൊടുക്കാം. നഴ്സറി തൈകളിൽ 19:19:19, 2-3 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 10 ഗ്രാം സ്യൂഡോമോണാസ് ഒരു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കാവുന്നതാണ്. തൈകൾ നടുന്നതിനൊപ്പം മണ്ണിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുന്നത് വിളകളെ കീട രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. കീടരോഗ നിയന്ത്രണത്തിന് ജൈവ മാര്ഗ്ഗങ്ങള് അവലംബിക്കുന്നതാണ് ഉചിതം. ജല സംരക്ഷണത്തിനായി പച്ചക്കറികളിൽ തിരിനന, തുള്ളിനന എന്നിവ അവലംബിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം